"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിച്ച് പുറപ്പെടുവിച്ച 06.06.2026-ലെ സ.ഉ. (കൈ) നം.103/2026/പൊവിവ ഉത്തരവ് -ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(സി) വകുപ്പ്**

സ.ഉ.(കൈ) നം.112/2026/GEDN    തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:- 1. സ.ഉ.(കൈ) നം.103/2026/പൊവിവ തീയതി 06.06.2026

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.06.2026-ലെ എച്ച്. എസ്. ഇ/2106/2024-എഡി ഡി1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിച്ച് പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവുമായി ബന്ധപ്പെട്ട് ചില വിഷയങ്ങളിൽ വ്യക്തത/സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് പരാമർശം(2) കത്ത് മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) ഉത്തരവിൽ ചുവടെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

1 (1)- ൽ 'പ്രിൻസിപ്പൽമാരുടെ പൊതുസ്ഥലംമാറ്റം നടത്തുന്നത് സർക്കാർ ആയിരിക്കും' എന്നുകൂടി കൂട്ടി ചേർക്കുന്നു.

6 (1) - 6 (1)-a ആയി 'ഒരു റവന്യൂ ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഉള്ള എല്ലാ ഒഴിവുകളും ജില്ലാടിസ്ഥാനത്തിൽ കണക്കാക്കി അതിന്റെ 10% അനുകമ്പാർഹമായ മറ്റുള്ളവർ എന്ന വിഭാഗങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത വിഷയത്തിൽ സീനിയർ തസ്തിക നിലവിൽ ഉണ്ടെങ്കിൽ മാത്രം സ്ഥലം മാറ്റം നടത്തേണ്ടതാണ്'". എന്ന് ഭേദഗതി വരുത്തുന്നു.

6 (1) b ആയി 'ഇപ്രകാരം ട്രാൻസ്ഫർ അപേക്ഷ സമർപ്പിക്കുമ്പോൾ അവരുടെ ആദ്യ ഓപ്ഷൻ ആയ ജില്ലയിലേയ്ക്കാണ് അപേക്ഷകരെ പരിഗണിക്കേണ്ടത്' എന്നു കൂടി കൂട്ടിചേർക്കുന്നു.

6 (4).-ൽ "സംസ്ഥാനതലത്തിൽ പരിശോധന ആവശ്യമാകുന്നപക്ഷം" എന്നത് ഒഴിവാക്കിക്കൊണ്ട് 'അനുകമ്പാർഹമായി സ്ഥലംമാറ്റ അപേക്ഷകൾ പരിശോധിക്കുന്നതിനായി

സംസ്ഥാന തലത്തിൽ, നിയമനാധികാരിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറി/ പ്രതിനിധി, പൊതുവിദ്യാഭ്യാസ ഡയറക്ടർ/പ്രതിനിധി, ആരോഗ്യവകുപ്പ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന സിവിൽ സർജനിൽ കുറയാത്ത വിദഗ്ധരായ മെഡിക്കൽ ഓഫീസർമാർ (കുറഞ്ഞത് മൂന്ന് പേർ) എന്നിവരടങ്ങുന്ന പ്രത്യേക മെഡിക്കൽ കമ്മിറ്റി പരിശോധിച്ച് 5.1(1), 5.1(5), 5.1(6), 5.1(7), 6.2(1), 6.2(2), 6.2(3), 6.2(4), 6.2(5) വിഭാഗങ്ങളുടെ കാര്യത്തിൽ ഈ വിഭാഗത്തിന് പ്രത്യേക റാങ്ക് ലിസ്റ്റ് തയ്യാറാക്കി തീരുമാനമെടുക്കേണ്ടതാണ്. ' എന്ന് ഭേദഗതി വരുത്തുന്നു.

7 (3). 'പ്രത്യേക മുൻഗണനാ സ്ഥലംമാറ്റം ഹോം സ്റ്റേഷനിലേക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ വിഭാഗം സ്ഥലംമാറ്റത്തിന് റാങ്ക് പട്ടിക തയ്യാറാക്കുന്നത് ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ തസ്തികയിലെ സർവ്വീസ് ദൈർഘ്യം മാനദണ്ഡമാക്കിയായിരിക്കും' എന്ന് ഭേദഗതി വരുത്തുന്നു.

മേൽ ഭേദഗതിയോടെ പരാമർശം(1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം
എല്ലാ ഹയർസെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസ് റിലീസ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (GEDN-C2/168/2026-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Sajida S
സെക്ഷൻ ഓഫീസർ
Date: 30-06-2026 10:50:59

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്